## തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

### സംഗ്രഹം

ഏറ്റുമാനൂർ ഗ്രൂപ്പിലെ ഏറ്റുമാനൂർ ദേവസ്വത്തിലെ കാരാണ്മ കഴകം ലാവണം പടിഞ്ഞാറെ വാര്യർ കുടുംബത്തിന്റെ അവകാശം റദ്ദ് ചെയ്യുന്ന സംഗതി സംബന്ധിച്ച്

---

ആർ.ഒ.സി.19663/24/മിസ്.സി തീയതി: 27/02/2025

---

പരാമർശം:- 1) ഏറ്റുമാനൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 20/09/2024 ലെ 1512-ാം നമ്പർ റിപ്പോർട്ട്
2) ഈ ആഫീസിലെ 08/11/2024 ലെ മേൽ നമ്പർ റിപ്പോർട്ട്
3) ദേവസ്വം ബോർഡ് ആഫീസിലെ 25/01/25 ലെ ആർ.ഒ.സി.നം.15828/24/മിസ്-3 നമ്പർ ഉത്തരവ്

ഏറ്റുമാനൂർ ദേവസ്വത്തിലെ കാരാണ്മ കഴകം തസ്തികയിൽ പടിഞ്ഞാറേ വാര്യത്ത് നിന്നുള്ള കുടുംബക്കാർ ആരും തന്നെ വർഷങ്ങളായി ജോലി നോക്കി വരുന്നില്ലാത്ത സാഹചര്യത്തിൽ, ടി തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ക്ഷേത്രത്തിലെ അടിയന്തിര കാര്യങ്ങളെ ബാധിക്കുമെന്നതിനാൽ, ടി കഴകം തസ്തികയിലേയ്ക്ക് ഡിപ്പാർട്ട്മെന്റ് ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് വേണ്ട അനുവാദ ഉത്തരവ് ഉണ്ടാകുന്നതിലേയ്ക്ക് ക്ഷേത്രം തന്ത്രിയുടെ കത്തും, അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സ്വയം വിശദീകരണം സ്വഭാവമുള്ള റിപ്പോർട്ടിന്റെ പകർപ്പും സഹിതം സൂചന (1) റിപ്പോർട്ട് ലഭിച്ചു. ടി വിവരം ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്തു (സൂചന 2).

ഏറ്റുമാനൂർ ഗ്രൂപ്പിലെ ഏറ്റുമനൂർ ദേവസ്വത്തിലെ പടിഞ്ഞാറേ വാര്യർ കുടുംബത്തിന് അവകാശമുള്ള ഒരു കാരാണ്മ കഴകം ലാവണത്തിലെ കാരാണ്മ അവകാശം ദേവസ്വം ബോർഡ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ ശേഷം റദ്ദ് ചെയ്ത് ഡിപ്പാർട്ട്മെന്റ് ജീവനക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബോർഡുത്തരവ് ലഭിച്ചു (സൂചന 3).

ടി സംഗതിയിൽ എന്തെങ്കിലും ആക്ഷേപമോ, ടി ലാവണത്തിൽ കാരാണ്മ വൃത്തിക്ക് അവകാശികളോ ഉള്ള പക്ഷം ആയത് രേഖാമൂലം ദേവസ്വം കമ്മീഷണറാഫീസിൽ 28/02/2025 മുതൽ 15 ദിവസത്തിനകം ഹാജരാക്കേണ്ടതും, അല്ലാത്ത പക്ഷം കാരാണ്മ അവകാശം റദ്ദ് ചെയ്ത് ടി കഴക ലാവണം ഡിപ്പാർട്ട്മെന്റ് കഴക ലാവണമാക്കുന്നതുമാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:- 1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഏറ്റുമാനൂർ
3) ഐ.റ്റി. ഡിവിഷൻ
4) സെക്ഷൻ ഫയൽ

Jyo.27/02